# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 2574 — 09/03/2017- ൽ മറുപടിക്ക്

### ബിസിനസ്സ് സ്ഥാപനങ്ങളിൽ ഇ.എസ്.ഐ. പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.സി.ജോർജ്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | ബിസിനസ്സ് സ്ഥാപനങ്ങളിൽ ഇ. എസ്. ഐ. പദ്ധതി നടപ്പിലാക്കുന്ന രീതി വിവരിക്കുമോ; | (എ) | ഭാരത സർക്കാരിന്റെ 31.01.2017-ലെ S-38013/04/2017- SSI വിജ്ഞാപന പ്രകാരം കേരളത്തിലെ എല്ലാ റവന്യൂവില്ലേജുകളും ഇ.എസ്.ഐ പരിധിയിൽ വന്നിട്ടുണ്ട്. കേരളത്തിലെ ഏതെങ്കിലും സ്ഥാപനത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിലോ അതിനുശേഷമോ ഏതെങ്കിലും ഒരു ദിവസം പത്തോ അതിലധികമോ തൊഴിലാളികൾ ജോലിചെയ്യുന്നുണ്ടെങ്കിൽ ആ സ്ഥാപനം ഇ.എസ്.ഐ പദ്ധതിയുടെ പരിധിയിൽ വരുന്നതാണ്. വ്യവസായ സ്ഥാപനങ്ങൾക്ക് www.esic.in എന്ന ഇ.എസ്.ഐ.സി വെബ് പോർട്ടലിലൂടെ ഓൺലൈനായി സ്ഥാപനത്തിന് ഇ.എസ്.ഐ രജിസ്ട്രേഷൻ നമ്പർ എടുക്കാവുന്നതാണ്. തൊഴിലുടമാ പേജിലൂടെ തൊഴിലുടമയ്ക്ക് വെബ് പോർട്ടലിൽ പ്രവേശിക്കാവുന്നതും തൊഴിലാളികളെ രജിസ്റ്റർ ചെയ്യാവുന്നതുമാണ്. രജിസ്ട്രേഷൻ പ്രക്രിയ പൂർത്തിയായാൽ തൊഴിലാളിക്ക് ഒരു ഇൻഷുറൻസ് നമ്പർ അനുവദിച്ചുകിട്ടും. ഓരോ തൊഴിലാളിയുടെയും ശമ്പളത്തിന്റെ 1.75% തൊഴിലാളികളും 4.75% തൊഴിൽ ഉടമയും ഇ.എസ്.ഐ ഫണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്യണം (ആകെ ശമ്പളത്തിന്റെ 6.5%). 21,000/- രൂപ വരെ ശമ്പളം വാങ്ങുന്ന തൊഴിലാളികൾ ഇ.എസ്.ഐ പരിധിയിൽ ഉൾപ്പെടുന്നു. |
| (ബി) | ഒരു ബിസിനസ്സ് സ്ഥാപനത്തിൽ എത്ര ജോലിക്കാർ ഉണ്ടെങ്കിലാണ് അത് ഇ.എസ്.ഐ. പദ്ധതിയുടെ പരിധിയിൽ വരുന്നത്; | (ബി) | പത്തോ അതിലധികമോ ജോലിക്കാർ ഉണ്ടെങ്കിൽ അത് ഇ.എസ്.ഐ പദ്ധതിയുടെ പരിധിയിൽ വരും. |

| | | | |
|---|---|---|---|
| (സി) | ഒരു സ്ഥാപനത്തിലെ തൊഴിലാളികളെ പ്രോവിഡന്റ് ഫണ്ട് പരിധിയിൽ-പ്പെടുത്തണമെങ്കിൽ എത്ര ജോലിക്കാർ വേണമെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്; വിശദമാക്കുമോ? | (സി) | 1952-ലെ എംപ്ലോയിസ് പ്രൊവിഡന്റ് ഫണ്ട് ആന്റ് മിസലേനിയസ് ആക്റ്റ് പ്രകാരം ഇരുപതോ അതിലധികമോ തൊഴിലാളികൾ ജോലിചെയ്യുന്ന സ്ഥാപനങ്ങൾ പ്രൊവിഡന്റ് ഫണ്ടിന്റെ പരിധിയിൽ വരുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ